**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1642** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ ഏലം കുത്തകപ്പാട്ട ഭൂമിയുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ ഏലം കുത്തകപ്പാട്ട ഭൂമിയുടെ വിശദാംശങ്ങൾ സംബന്ധിച്ച് സുപ്രീം കോടതി സർക്കാരിനോട് റിപ്പോർട്ട് തേടിയിട്ടുണ്ടോ; എന്തൊക്കെ വിശദാംശങ്ങളാണ് കോടതി ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ബഹു. സുപ്രീം കോടതിയിൽ നിലവിലുള്ള ശ്രീ ഗോദവർമ്മ തിരുമുൽപ്പാട് Vs യൂണിയൻ ഓഫ് ഇന്ത്യ കേസ് WP(C) No. 202/95 -ലെ IA 1408/2005, IA 1457/2005, IA 1462/2005, IA 1787/2007, IA 1863-1864/2007 & IA 3453/2012 പ്രകാരമുള്ള ഹർജികൾ 17.02.2023 തീയതിയിൽ ബഹു. കോടതി പരിഗണിക്കുകയും കാർഡമം ഹിൽ റിസർവ്വുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ബഹു. സുപ്രീം കോടതി 12/07/2023 മുതൽ ആറ് ആഴ്ചത്തേക്ക് സമയം സർക്കാരിന് അനുവദിച്ച് നൽകുകയുണ്ടായി.<br><br>i) To file an affidavit indicating how many a) pattas, b) leases, c) renewal of leases, d) change of land use, e) sale, f) transfer has been permitted in the Cardamom Hill Reserve (CHR) area after 25.10.1980 i.e. date of coming into force of Forest (Conservation) Act, 1980.<br><br>ii) To file an affidavit indicating the extent of land within the CHR under the possession and control of Revenue Department and Forest Department respectively.<br><br>iii) To produce the report of Expert Committee constituted by State of Kerala pursuant of the orders of this Hon'ble Court dated 12.12.1996 in respect of CHR area.<br><br>iv) To file a compilation of all the relevant acts, rules and regulations mentioned in the CEC Report and the affidavit filed by the State Government. |

| | | | |
|---|---|---|---|
| | | | മറുപടി നൽകുന്നതിന് ബഹു. സുപ്രീം കോടതി സർക്കാരിന് 12.07.2023 മുതൽ ആറ് ആഴ്ചത്തെ സമയം അനുവദിച്ചു നല്കുകയുണ്ടായി. |
| (ബി) | ഇത് സംബന്ധിച്ച് സുപ്രീം കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) | ബഹു. സുപ്രീം കോടതി മുമ്പാകെ സമർപ്പിക്കേണ്ട മറുപടി തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ